പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4435 22-07-2015 – ൽ മറുപടിയ്ക്ക്

**<u>തണൽ പദ്ധതി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത് : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | തണൽ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | പരമ്പരാഗത മത്സ്യമേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതിയായ തണൽ പദ്ധതിക്ക് 2012 ൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെയും, മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെയും വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് 'തണൽ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. |
| സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; | സി) | സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതി (തണൽ പദ്ധതി) ഫിഷറീസ് വകുപ്പും, തൊഴിൽ വകുപ്പും സംയുക്ത സംരംഭമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | ഡി) | തണൽ പദ്ധതിയുടെ ആനുകൂല്യം പ്രതിവർഷം 1350/- രൂപ നിരക്കിൽ ഒറ്റത്തവണയാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. 2011-12 ൽ പ്രസ്തുത പദ്ധതിക്കായി 1.70 കോടി രൂപയും, 2012-13 ൽ 30 കോടി രൂപയും, 2013-14 ൽ 30 കോടി രൂപയും, 2014-15 ൽ 19.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുകകൾ മത്സ്യ/അനുബന്ധ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ തൊഴിൽ വകുപ്പിന് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**